**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2513** **06-10-2025 - ൽ മറുപടിയ്ക്ക്**

**പൂവച്ചൽ ഗവൺമെന്റ് യു. പി. സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മിക്കുന്ന പൂവച്ചൽ ഗവൺമെന്റ് യു. പി. സ്കൂൾ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | അരുവിക്കര മണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മിക്കുന്ന പൂവച്ചൽ ഗവ. യു പി സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനം തടസ്സ പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണ വേളയിൽ സൈറ്റ് കണ്ടീഷൻ അനുസരിച്ച് പദ്ധതി നിർവ്വഹണ ഏജൻസി മണ്ണ് പരിശോധന നടത്തുകയും, മണ്ണ് പരിശോധന റിപ്പോർട്ട് പ്രകാരം ഫൗണ്ടേഷൻ ഡിസൈനിൽ മാറ്റം ആവശ്യമായി വരികയും ചെയ്തു. ആയത് പ്രകാരം പുതിയ ഡിസൈൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കില തയ്യാറാക്കി വരികയാണ്. പുതിയ ഡിസൈൻ തയ്യാറാക്കി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന വേളയിൽ ടി ഡിസൈൻ പരിശോധിച്ച് അനുമതി നൽകുന്ന നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. തുടർന്ന് ടി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണം പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ? | (ബി) | അരുവിക്കര മണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മിക്കുന്ന പൂവച്ചൽ ഗവ. യു പി സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനം തടസ്സ പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണ വേളയിൽ സൈറ്റ് കണ്ടീഷൻ അനുസരിച്ച് പദ്ധതി നിർവ്വഹണ ഏജൻസി മണ്ണ് പരിശോധന നടത്തുകയും, മണ്ണ് പരിശോധന റിപ്പോർട്ട് പ്രകാരം ഫൗണ്ടേഷൻ ഡിസൈനിൽ മാറ്റം ആവശ്യമായി വരികയും ചെയ്തു. ആയത് പ്രകാരം പുതിയ ഡിസൈൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കില തയ്യാറാക്കി വരികയാണ്. പുതിയ ഡിസൈൻ തയ്യാറാക്കി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന വേളയിൽ ടി ഡിസൈൻ പരിശോധിച്ച് അനുമതി നൽകുന്ന നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. തുടർന്ന് ടി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ